ക്ലാസ് : IX

# മതബോധനകേന്ദ്രം

## മാനന്തവാടി രൂപത

## First Semester Examination 2023

| | |
|---|---|
| ആകെ മാർക്ക് : 80 | |
| പാർട്ട് 1 : 60 | |
| പാർട്ട് 2 : 20 | |
| സമയം: 2 മണിക്കൂർ | |

### പാർട്ട് 1

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **15×1=15**

1. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം." ഈ വചനത്താൽ വിശുദ്ധനായി മാറിയത് ആരാണ്?
(വി. ഫ്രാൻസിസ് സേവ്യർ, വി. ഫ്രാൻസിസ് അസീസി, വി. അഗസ്തീനോസ്)

2. വി. കുർബാനയുടെ പാപമോചനസ്വഭാവം വ്യക്തമാക്കുന്ന ഒരുകർമ്മമാണ് ......................................
(അനുരഞ്ജന ശുശ്രൂഷ, വിഭജന ശുശ്രൂഷ, ദൈവാക്യശുശ്രൂഷ)

3. ലോകത്തെയും അതിലുള്ള സകലത്തെയും കനിവോടെ സൃഷ്ടിച്ച ദൈവത്തിന് കൃതജ്ഞയർപ്പിക്കുകയാണ് .......................................... ത്തിൽ
(മൂന്നാം പ്രണാമജപം, നാലാം പ്രണാമജപം, രണ്ടാം പ്രണാമജപം)

4. ഇസ്രായേൽക്കാരുടെ മതാത്മജീവിതത്തിന്റെ ഹൃദയത്തുടിപ്പുകളാണ്
(ഉത്ഥാനഗീതം, സങ്കീർത്തനങ്ങൾ, പ്രഘോഷണപ്രാർത്ഥന)

5. ദൈവോന്മുഖവും പരോന്മുഖവുമായ ജീവിതത്തിന് ഊർജ്ജം നൽകുന്ന ശക്തി സ്രോതസ്സാണ് ..................
(വി. കുർബാന, മാമ്മോദീസ, വിവാഹം)

6. മദ്ബഹായുടെ കേന്ദ്രമാണ് .................................
(സങ്കീർത്തി, വചനവേദി, അൾത്താര)

7. ..................................... ആണ് ദൈവാരാധനയിൽ കൂടുതൽ ഉപയോഗിക്കപ്പെടുന്ന അടയാളം.
(കലകൾ, വ്യക്തികൾ, വാക്കുകൾ)

8. "ദൈവകല്പനകൾക്കനുസൃതമായ ജീവിതമാണ് യഥാർത്ഥ ആരാധകർ." ആരുടെ വാക്കുകൾ?
(വി. തോമസ് അക്വീനാസ്, വി. ഇരണേവൂസ്, വി. മാക്സ്മില്ല്യൻ കോൾബേ)

9. പുരോഹിതൻ നീതിയണിയണം എന്നോർമ്മിപ്പിക്കുന്ന നീതിയുടെ വസ്ത്രമാണ്?
(പൈന, കൊത്തീന, ശോശപ്പ)

10. മരിച്ചവരെയും ജീവിക്കുന്നവരെയും പേരുപറഞ്ഞ് അനുസ്മരിക്കുന്ന വേളയാണ്?
(ധൂപാർപ്പണ പ്രാർത്ഥന, സംഭാഷണ പ്രാർത്ഥന, അനുസ്മരണ പ്രാർത്ഥന)

**താഴെക്കൊടുത്തിരിക്കുന്ന പദങ്ങളെ ഉചിതമായി ചേർത്തെഴുതുക.**

| | | | |
|---|---|---|---|
| 11. | ലെയ്ത്തുർഗിയ | - | കൂദാശകർമ്മം |
| 12. | അഗതികളുടെ അമ്മ | - | നിത്യജീവൻ |
| 13. | പ്രഘോഷണപ്രാർത്ഥന | - | ലിറ്റർജി |
| 14. | അനാഫൊറ | - | വി. മദർ തെരേസ |
| 15. | ദൈവവചനം | - | കാറോസൂസ |

**ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

16. ദൈവൈക്യശുശ്രൂഷയുടെ പ്രധാന ഘടകങ്ങളേവ?
17. അനാഫൊറയിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതെന്ത്?
18. വചനശുശ്രൂഷയിലെ ത്രൈശുദ്ധ കീർത്തനത്തിലെ ആദ്യഭാഗമേത്?
19. വി. കുർബാന നമ്മുടെ ജീവിതത്തിന്റെ ശക്തികേന്ദ്രമായി മാറേണ്ടത് എങ്ങനെ?

20. വി. കുർബാനയിലെ ധൂപാർപ്പണത്തിന്റെ രണ്ട് പ്രതീകങ്ങളെഴുതുക?

21. ദൈവാരാധനയിൽ ഉപയോഗിക്കുന്ന വസ്തുക്കളെ എത്രയായി തിരിച്ചിരിക്കുന്നു? ഏവ?

22. എന്താണ് ദൈവാരാധന (ലിറ്റർജി)?

**മൂന്നോ നാലോ വാക്യത്തിലുത്തരമെഴുതുക.** **4×4=16**

23. വി. കുർബാന വിശുദ്ധർക്കുള്ളതാകുന്നു എന്ന ഉദ്ബോധനം നമ്മെ അനുസ്മരിപ്പിക്കുന്നതെന്ത്?

24. ദൈവവചനത്തിലൂടെ വെളിപ്പെടുത്തിയിട്ടുള്ളതും വി. കുർബാനയിൽ ആഘോഷിക്കുന്നതുമായ വി. രഹസ്യങ്ങളേവ?

25. അനാഫൊറയിലുള്ള ഒരു പ്രാർത്ഥന വൃത്തത്തിലുള്ള നാലു ഘടകങ്ങളേവ?

26. ഉത്ഥാനഗീത കീർത്തനത്തിൽ നാം അനുസ്മരിപ്പിക്കുന്നതെന്തെല്ലാം?

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.** **1×5=5**

27. ദൈവാരാധനയിൽ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യം?

**ഉപന്യാസം എഴുതുക.** **1×10=10**

28. വി. കുർബാന ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രവും ജീവിതത്തിൽ തുടരേണ്ടതുമാണ്? വിശദമാക്കുക.

*അല്ലെങ്കിൽ*

വി. കുർബാനയിലെ ആംഗ്യങ്ങളും നിലപാടുകളും വിശദമാക്കുക.

## പാർട്ട് 2

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **4×1=4**

29. വ്യക്തിസഭയുടെ തലവൻ?

30. പാശ്ചാത്യസഭയിലെ ഏറ്റവും പ്രധാനപ്പെട്ട സഭാചരിത്രകാരൻ?

31. പൗരസ്ത്യ സുറിയാനി സഭയുടെ മറ്റൊരുപേര്?

32. അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?

**ഒന്നോ രണ്ടോ വാക്യത്തിലുത്തരമെഴുതുക.** **2×2=4**

33. അനനിയാസും സഫീറയും നിലത്തുവീണു മരിക്കാനിടയായ കാരണമെന്ത്?

34. കുടിയേറ്റ ജനതയെ ശക്തിപ്പെടുത്തിയ രണ്ടുകാര്യങ്ങളേവ?

35. വി. കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ എഴുതുക. **3**

36. മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും നാലെണ്ണമെഴുതുക. **4**

37. 'ഒരു പുതിയ തിരിനാളം' മാനന്തവാടി രൂപത സ്ഥാപിതമായതിനെക്കുറിച്ച് ഒരു ചെറുവിവരണം നൽകുക. **5**